# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 375 — 07-01-2014-ൽ മറുപടിക്ക്

### വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ബോധവത്ക്കരണ പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) ജനസമൂഹത്തിനിടയിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുകയും നിയന്ത്രിക്കുകയും ലക്ഷ്യമിട്ട് വിവിധ പ്രചാരണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി ഏറ്റെടുത്ത് നടത്താറുണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക ഉത്സവ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ബോധവത്കരണ പരിപാടികൾ നടത്തുന്നത്. കൂടാതെ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ സാങ്കേതിക പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ട്.<br><br>വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശന വസ്തുക്കൾ ഒരുക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്, കൂടാതെ, വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി |

നോട്ടീസുകൾക്കും കീഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.

ഇതിനു പുറമെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23 ന് തുടക്കം കുറിച്ചു. ലാഭപ്രഭയോടൊപ്പം നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കി. ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതുവഴിയുണ്ടാവുന്ന ലാഭം ഉപഭോക്താവുമായി പങ്കുവെക്കുകയുമായിരുന്നു ലക്ഷ്യം.

നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്തു. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചാണ് ഇതു നടപ്പിലാക്കിയത്.

കാര്യക്ഷമതയോടുള്ള വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും വൈദ്യുതി വിതരണ സംവിധാനങ്ങളിലുൾപ്പെടെയുള്ള വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനം ഏകോപിപ്പിക്കുക ലക്ഷ്യമിട്ട് വൈദ്യുതി ബോർഡിൽ എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം (ESCOT) എന്ന ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വാണിജ്യ, വ്യാവസായിക, ഗാർഹിക ഉപഭോക്താക്കളിലും വൈദ്യുതി പ്രസരണ വിതരണ സംവിധാനങ്ങളിലും ശാസ്ത്രീയ

പഠനം നടത്തി കാര്യക്ഷമതയോടെ വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കുക യാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം.

(ബി) പ്രസ്തുത ബോധവത്ക്കരണ പരിപാടികൾ ലക്ഷ്യം കണ്ടെത്തിയ തായി കരുതുന്നുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ബോധവത്കരണ പരിപാടികൾ നടത്തുന്നതിന്റെ ഫലമായിട്ടാണ് സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണങ്ങൾ പരമാവധി കുറച്ചു നിർത്താൻ സഹായ കരമായിട്ടുള്ളത്.

ലാഭപ്രഭ, നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്നീ പദ്ധതികളുടെ കൂടി ഫലമായി 2013 മാർച്ച് അവസാനം മുതൽ മെയ് 31 വരെയുള്ള കാലത്ത് പ്രതീക്ഷിച്ചിരുന്നതിനേക്കാൾ പൊതുവെ ഉപഭോഗം കുറഞ്ഞു.

മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.185 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉഷ്ണ കാലാവസ്ഥയും മൂലം 56.5 ദശലക്ഷം ഉപഭോഗം പ്രതീക്ഷിച്ച സ്ഥാനത്ത് 59.5 ദശലക്ഷം യൂണിറ്റ് പ്രതിദിന ഉപഭോഗം ഉണ്ടായി. ഏപ്രിൽ മാസത്തിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ ഉപഭോഗത്തിൽ ചെറിയ വർദ്ധനയുണ്ടാ യെങ്കിലും മാർച്ചിലും മെയിലും ഉപഭോഗ ത്തിലുണ്ടായ ഗണ്യമായ കുറവ് ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത് എന്നതിന്റെ തെളിവാണ്.

| | | | |
|---|---|---|---|
| (സി) | 2012 ഡിസംബർ 31-ലെ കണക്ക് പ്രകാരം ഒരു വർഷം മന്ത്രി മന്ദിരങ്ങളിൽ എത്ര യൂണിറ്റ് വൈദ്യുതി ചെലവഴിച്ചു; അതിന് എത്ര രൂപയുടെ ബില്ലാണ് ഓരോ മന്ദിരങ്ങളിലും അടച്ചത്; വിശദാംശം ലഭ്യമാക്കാമോ ; | (സി) & (ഡി) | പ്രസ്തുത ചോദ്യങ്ങളുടെ ഉത്തരങ്ങൾ അനുബന്ധമായി ചേർക്കുന്നു . |
| (ഡി) | 2013-ൽ നാളിതുവരെയുള്ള കണക്ക് പ്രകാരം ഓരോ മന്ത്രി മന്ദിരത്തിലും എത്ര യുണിറ്റ് വൈദ്യുതി ഉപയോഗിച്ചു; എത്ര രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ അടച്ചത് ; വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

Q. No - 375
Annexure - 1

| Sl. No. | NAME OF Bungalow | Name of Minister | CONSU: NO. | 2012 | | | 2013 | | |
|---|---|---|---|---|---|---|---|---|---|
| | | | | Consumption (Units) | Demand (Rs.) | Collection (Rs.) | Consumption (Units) | Demand (Rs.) | Collection (Rs.) |
| 1 | Lynd Hurst | Sri. P K Kunhalikutty | 8023 | 23280 | 171340 | 171340 | 18817 | 155731 | 89983 |
| 2 | Essendene Bunglow | Sri M K Muneer | 8025 | 15009 | 113036 | 113036 | 13791 | 113811 | 43338 |
| 3 | Cliff House | Chief Minister | 8030 | 45734 | .344637 | 344637 | 21637 | 193962 | 117404 |
| 4 | | | 8527 | ---- | 34856 | 34856 | ---- | 39720 | 19852 |
| 5 | Ashoka | Sri Thiruvanchoor Radhakrishnan | 8273 | 22325 | 171025 | 171025 | 18327 | 154260 | 73761 |
| 6 | Nest | Sri Anoop Jacob | 8276 | 16918 | 138297 | 138297 | 24026 | 233674 | 114900 |
| 7 | Prasanth | Sri K M Mani | 8277 | 32087 | 247119 | 247119 | 26793 | 229840 | 117040 |
| 8 | Ushus | Sri Shibu Baby John | 8284 | 13294 | 103293 | 103293 | 12701 | 112934 | 47392 |
| 9 | Pournami | Sric N Balakrishnan | 8285 | 18991 | 149151 | 149151 | 12799 | 114040 | 49470 |
| 10 | Periyar | Sri P J Joseph | 10849 | 15062 | 115085 | 115085 | 10724 | 86751 | 44317 |
| 11 | Pamba | Sri Adoor Prakash | 10850 | 11252 | 90251 | 90251 | 11713 | 96092 | 42262 |
| 12 | Grace | Sri P K Abdu Rabb | 10997 | 6990 | 61026 | 61026 | 10280 | 93528 | 45691 |
| 13 | Nila | Kum. P K Jayalakshmi | 11008 | 9909 | 82081 | 82081 | 16693 | 142073 | 63721 |
| 14 | Bhavani | Sri K P Anilkumar | 11009 | 6935 | 63323 | 63323 | 18882 | 158525 | 66540 |
| 15 | Kaveri | Sri K Babu | 11029 | 3176 | -33600 | 33600 | 4356 | 51277 | 23623 |
| 16 | Contonment House | | 8082 | 27581 | 213306 | 213306 | 30294 | 254762 | 96694 |
| 17 | Manmohan Bunglow | Sri Aryadan Mohammed | 11771 | 4307 | 18002 | 18002 | 2993 | 13870 | 7948 |
| 18 | | | 11665 | 23772 | 151082 | 151082 | 15873 | 157688 | 111634 |
| 19 | Kowdiar House | Sri. K C Joseph | 11767 | 3504 | 13009 | 13009 | 2707 | 10572 | 4978 |
| 20 | | | 11748 | 20319 | 129595 | 129595 | 16582 | 173036 | 121191 |
| 21 | Ajantha House | Now Vacant | 11664 | 12413 | 79101 | 79101 | 5460 | 60861 | 48177 |
| 22 | TC 9/2376(3)C. Sreerangam Lane, Sathamangalam. | Sri. V.S. Sivakumar | 923 | 5114 | 30580 | 30580 | 7475 | 68268 | 54664 |
| 23 | Zanadu | Sri.K.P.Mohanan | 10823 | 26505 | 181703 | 181703 | 18487 | 205513 | 116671 |
| 24 | Rose House | Sri Manjalam Kuzhi Ali | 10826 | 20578 | 138837 | 138837 | 14635 | 148403 | 110576 |
| 25 | | | 10824 | 1224 | 2396 | 2396 | 1127 | 2355 | 1050 |
| 26 | | | 10825 | 278 | 722 | 722 | 468 | 976 | 976 |
| 27 | Jishil | Sri.Ibrahim Kunju | 8471 | 9128 | 56915 | 56915 | 8901 | 84045 | 79072 |